**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1998** **01-09-2022 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ ,<br>ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ . ടി. വി. ഇബ്രാഹിം ,<br>ശ്രീ. നജീബ് കാന്തപുരം | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ വികസനത്തിനാവശ്യമായ സ്ഥലം കൈമാറണമെന്ന് കേന്ദ്ര സർക്കാരിൽ നിന്നും നിർദേശം ലഭിച്ചിട്ടുണ്ടോ; | (എ) | കേന്ദ്ര സർക്കാരിൽ നിന്നും നിർദ്ദേശം ലഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത വിമാനത്താവളത്തിൽ വലിയ വിമാനങ്ങൾ ഇറക്കുന്നതുമായി ബന്ധപ്പെട്ട് റൺവേയുടെ നീളം കൂട്ടുന്നതിന് എത്ര ഏക്കർ സ്ഥലമാണ് ആവശ്യമായിട്ടുള്ളത്; വ്യക്തമാക്കുമോ; | (ബി) | കോഴിക്കോട് വിമാനത്താവളത്തിന്റെ റൺവേ വികസനത്തിനായി 14.5 ഏക്കർ ഭൂമിയാണ് ആവശ്യമായിട്ടുള്ളത്. |
| (സി) | പ്രസ്തുത വിമാനത്താവള വികസനത്തിന് ആവശ്യമായ സ്ഥലം വിട്ടുനൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | (സി) | കോഴിക്കോട് വിമാനത്താവളത്തിന്റെ റൺവേ വികസനത്തിനായി 14.5 ഏക്കർ ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ചുള്ള നടപടി ക്രമങ്ങൾ ത്വരിതഗതിയിൽ നടന്നുവരുന്നു. ഈ വിഷയത്തിൽ 06.07.2022 തീയതിയായി ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ നടന്ന വീഡിയോ കോൺഫറൻസ് യോഗത്തിൽ നവംബർ 1 നകം ഭൂമിയേറ്റെടുത്തു നൽകൽ നടപടിക്രമങ്ങൾ പൂർത്തീകരിക്കണമെന്നും ആയതിനു ഗതാഗത - റവന്യൂ വകുപ്പുകൾ ഉത്തരവ് പുറപ്പെടുവിക്കണമെന്നു തീരുമാനിക്കുകയും, അതനുസരിച്ച് ഗതാഗത വകുപ്പ് ഭരണാനുമതി ഉത്തരവും, റവന്യൂ വകുപ്പ് സ്ഥലമേറ്റെടുക്കുന്നതിനുള്ള അനുമതി ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്. ഭൂമിയേറ്റെടുക്കൽ ത്വരിതഗതിയിലാ ക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുവാൻ മലപ്പുറം ജില്ലാകളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. RESA യ്ക്കായി നിരപ്പാക്കിയ ഭൂമി ലഭ്യമാക്കണമെന്നാണ് എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ ആവശ്യപ്പെട്ടിരിക്കുന്നത്. ഇതിനാവശ്യമായ തുക എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ ലഭ്യമാക്കുമെന്ന വ്യവസ്ഥയ്ക്ക് വിധേയമായാണ് ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിക്കുക എന്ന് |

| | | | |
|---|---|---|---|
| | | | കേന്ദ്ര വ്യോമയാന മന്ത്രാലയത്തിനെ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ